പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6913     02.11.2011- ൽ മറുപടിക്ക്

ദുരന്തനിവാരണ സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.എ അസീസ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പുതിയ പദ്ധതികൾ എന്തെല്ലാമാണ്; | (എ) | നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പദ്ധതി, ഫ്ളഡ് മോണിട്ടറിംഗ് പ്രോജക്ട്, സോയിൽ പൈപ്പിംഗ് പദ്ധതി എന്നിവ കേന്ദ്ര സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആട്ടോമേറ്റഡ് വെതർ സ്റ്റേഷൻ സ്ഥാപിക്കുതിന് ഐ.എം.ഡി യോടും, നാഷണൽ ലാന്റ് സ്ലൈഡ് മിറ്റിഗേഷൻ പ്രോജക്ട്, എർത്ത്ക്യുക്ക് മിറ്റിഗേഷൻ പ്രോജക്ട്, ദേശീയ സ്കൂൾ സുരക്ഷാ പദ്ധതി മീഡിയ കാംപയിൻ എന്നിവയിൽ കേരളത്തെ ഉൾപ്പെടുത്തുന്നതിന് എൻ.ഡി.എം.എ യോടും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പദ്ധതിയുടെ വിശദമായ പ്രോജക്ട് (ഡി.പി.ആർ) സമർപ്പിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ ലോക ബാങ്ക് പ്രതിനിധികൾ പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചിട്ടുള്ളതും അവർ നല്കിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഫ്ളഡ് മോണിട്ടറിംഗ് പ്രോജക്ട് സോയിൽ പൈപ്പിംഗ് പദ്ധതി എന്നിവ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതും തത്വത്തിൽ അംഗീകരി ച്ചിട്ടുള്ളതുമാണ്. |
| (സി) | ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; | (സി) | സ്ഥിതി ഗതികൾ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ലാന്റ് റവന്യൂ കമ്മിഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാന തല കൺട്രോൾ റൂമും, ജില്ലാ കളക്ട്രേറ്റുകളിൽ ജില്ലാ തല കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മൺസൂൺ സമയത്ത് താലൂക്ക് തലങ്ങളിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. ദുരന്ത സമയങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് നോഡൽ വകുപ്പായി പ്രവർത്തിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ശ്രദ്ധിക്കുന്നു. എല്ലാ ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്. ആയത് ദുരന്ത നിവാരണ അതോറിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്. |
| (ഡി) | നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | പതിമൂന്നാം ധനകാര്യ കമ്മിഷന്റെ ഗ്രാന്റ് ഉപയോഗിച്ച് സംസ്ഥാന ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ